## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7791 23.07.2012 ലെ മറുപടിയ്ക്ക്

### കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നുള്ള ചികിത്സാ ധനസഹായം

| | ചോദ്യം<br><br>ശ്രീ. വി. ചെന്താമരാക്ഷൻ | | ഉത്തരം<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിന് അപേക്ഷ സ്വീകരിച്ച് തുടങ്ങിയത് ഏത് തീയതി മുതൽ എന്ന് വ്യക്തമാക്കാമോ ; | (എ) | 17.02.2012 ലെ സംസ്ഥാനതല കമ്മിറ്റി തീരുമാന പ്രകാരമാണ് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിച്ച് തുടങ്ങിയത്. |
| (ബി) | പ്രസ്തുത തീയതിയ്ക്ക് ശേഷം ധനസഹായ ത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് ശുപാർശ ചെയ്യുന്ന ജില്ലാതല കമ്മിറ്റിയും സംസ്ഥാന കമ്മിറ്റിയും ഏതൊക്കെ തീയതികളിൽ യോഗം ചേർന്നിരിന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | വിവിധ ജില്ലകളിൽ ലഭിക്കുന്ന അപേക്ഷ കളുടെ എണ്ണത്തിനും സ്വഭാവത്തിനും അനുസരിച്ച് അതാത് ജില്ലകളിൽ ഓരോ മാസവും രണ്ടോ അതിലധികമോ പ്രാവശ്യം ജില്ലാ തല കമ്മിറ്റികൾ കൂടാറുണ്ട്. 17.02.2012, 10.04.2012, 04.06.2012, 19.07.2012 എന്നീ തീയതികളിൽ സംസ്ഥാനതല കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. |
| (സി) | സംസ്ഥാനതല കമ്മിറ്റി തെരഞ്ഞെടുത്ത ഗുണ ഭോക്താക്കളുടെ എണ്ണം എത്രയാണ്; | (സി) | 1025. |
| (ഡി) | പ്രസ്തുത ഗുണ ഭോക്താക്കൾക്ക് തെരഞ്ഞെടുക്കപ്പെട്ട തീയതിയ്ക്ക് ശേഷം എത്ര കാലയളവിനുള്ളിൽ ധനസഹായം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനതല കമ്മിറ്റി യോഗം അംഗീകരിച്ച അപേക്ഷകർക്ക് ഒരാഴ്ചയ്ക്കുള്ളിൽ ബന്ധപ്പെട്ട ആശുപത്രികളിൽ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട ശേഷം ധനസഹായം ലഭ്യമാക്കാതെ എത്ര രോഗികൾ മരണ പ്പെട്ടുവെന്ന് വ്യക്തമാക്കാമോ ? | (ഇ) | കൃത്യമായ കണക്കുകൾ ലഭ്യമല്ല. |

Salty a

**സെക്ഷൻ ഓഫീസർ**